# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 506 09.02.2016- ലെ മറുപടിക്ക്

## സഹകരണ മേഖലയിലെ ആലില പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>,, കെ.ശിവദാസൻ നായർ<br>,, ടി.എൻ.പ്രതാപൻ<br>,, എം.എ. വാഹിദ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിൽ ആലില പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (ബി) സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി പരിപാലന പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് ഭൂമിയുടെ നല്ല നാളേയ്ക്കായി 5 ലക്ഷം വൃക്ഷതൈകൾ നട്ടു വളർത്തുക എന്നതാണ് ആലില പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. പരിസ്ഥിതി സംരക്ഷണത്തിൽ വൃക്ഷങ്ങളുടെ പ്രധാന്യവും വൃക്ഷതൈകൾ നട്ടു വളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലും, ബന്ധപ്പെട്ട അധികൃതരുടെ അനുമതിയോടെ പൊതുസ്ഥലത്തും, വൃക്ഷതൈകൾ നട്ടുവരുന്നു. വനം വകുപ്പ്, കൃഷി വകുപ്പ്, സർക്കാർ നിയന്ത്രണത്തിലുള്ള ഫാമുകൾ, കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും വൃക്ഷതൈകൾ താലൂക്കുതലത്തിൽ ലഭ്യമാക്കി സംഘങ്ങൾ വഴി വിതരണം ചെയ്തുവരുന്നു. അതോടൊപ്പം വൃക്ഷങ്ങളുടെ പ്രധാന്യവും വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി ചർച്ചാക്ലാസ്സുകളും സെമിനാറുകളും താലൂക്ക് തലങ്ങളിൽ സംഘടിപ്പിക്കുന്നതിന് സഹകരണവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും, ജീവനക്കാർക്കും പ്രസംഗം, ഉപന്യാസം, ക്വിസ് |

എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഏറ്റവും നന്നായി മരം പരിപാലിക്കുന്ന സ്കൂൾ, വിദ്യാർത്ഥികൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് സംഘങ്ങൾ പ്രശംസാപത്രങ്ങളും, അവാർഡും നൽകിവരുന്നു. പദ്ധതിയുടെ ഏകോപനവും അവലോകനവും ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർമാർ നടത്തിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**